# കേരളസർവകലാശാല

നം.പി.ആർ.182/2021

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2020 ഒക്ടോബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി. ഫിസിക്സ്, ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർസയൻസ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് സെപ്റ്റംബർ 27 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ ബി.കോം. എസ്.ഡി.ഇ. മൂന്ന്, നാല് സെമസ്റ്റർ ഒക്ടോബർ 2020, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ് ആന്റ് സപ്ലിമെന്ററി, 2018 അഡ്മിഷൻ റെഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി സെപ്റ്റംബർ 22 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുനഃപരീക്ഷ

കേരളസർവകലാശാല 2021 ജനുവരിയിൽ ആരംഭിച്ച മൂന്നാം സെമസ്റ്റർ ബി.എസ്സി. സ്റ്റാറ്റിസ്റ്റിക്സ് സി.ബി.സി.എസ്.എസ്. ഡിഗ്രി പരീക്ഷകളോടനുബന്ധിച്ച് മാർച്ച് 25 ന് നടത്തിയ ജ്യോഗ്രഫി കോംപ്ലിമെന്ററി പേപ്പർ ST 1331.3 സ്റ്റാറ്റിസ്റ്റിക്കൽ ഇൻഫെറൻസ് 2019 അഡ്മിഷൻ റെഗുലർ പരീക്ഷയുടെ മാർച്ച് 27 ൽ നടത്തിയ സ്റ്റാറ്റിസ്റ്റിക്സ് കോർ പേപ്പർ ST 1341 പ്രൊബബിലിറ്റി ആന്റ് ഡിസ്ട്രിബ്യൂഷൻ 2019 അഡ്മിഷൻ റെഗുലർ പരീക്ഷയും റദ്ദ് ചെയ്തിരിക്കുന്നു. പകരം പുനഃപരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 22 ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും സെപ്റ്റംബർ 23 ന് ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെയും അതാത് കോളേജുകളിൽ വച്ച് നടത്തുന്നതാണ്.

### രണ്ടാം സെമസ്റ്റർ പി.ജി. – സ്പെഷ്യൽ പരീക്ഷ

കോവിഡ് 19 കാരണം മാർച്ച് 2020 ലെ രണ്ടാം സെമസ്റ്റർ (എം.എ./എം.എസ്സി./എം.കോം.) പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് എഴുതാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ പരീക്ഷയ്ക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികൾ അവരുടെ പേര്, കാൻഡിഡേറ്റ് കോഡ്, പ്രോഗ്രാമിന്റെ കോഴ്സ് കോഡ് എന്നിവ അടങ്ങുന്ന അപേക്ഷ ആരോഗ്യവകുപ്പിന്റേയോ തദ്ദേശസ്വയംഭരണവകുപ്പിന്റേയോ സാക്ഷ്യപത്രങ്ങൾ സഹിതം സെപ്റ്റംബർ 30 നകം അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതാണ്.

### പരീക്ഷാത്തീയതി

കമ്പൈൻഡ് ഒന്ന് രണ്ട് സെമസ്റ്റർ ഫെബ്രുവരി 2021 ബി.ടെക്. ഡിഗ്രി (2013 സ്കീം) സപ്ലിമെന്ററി ലാബ് പരീക്ഷ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് എന്നിവ സെപ്റ്റംബർ 16 ന് കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## വൈവ വോസി

കേരളസർവകലാശാല 2021 മാർച്ചിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം. പരീക്ഷയുടെ വൈവ വോസി ഒക്ടോബർ 4 മുതൽ 8 വരെ യൂണിവേഴ്സിറ്റി ഓഫീസിൽ വച്ച് നടത്തുന്നതാണ്. വിദ്യാർത്ഥികൾ ഹാൾടിക്കറ്റ്, ഡിസർട്ടേഷൻ എന്നിവയുമായി രാവിലെ 10 മണിക്ക് തന്നെ ഹാജരാകേണ്ടതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2021 മേയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്സി. ബോട്ടണി ആന്റ് ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ (കോംപ്ലിമെന്ററി - ബയോകെമിസ്ട്രി) പരീക്ഷകൾ സെപ്റ്റംബർ 17 മുതലും ബി.എസ്സി. ബയോകെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ (കോർ-ബയോകെമിസ്ട്രി, വൊക്കേഷണൽ - മൈക്രോബയോളജി) പരീക്ഷകൾ സെപ്റ്റംബർ 23 മുതലും അതാത് കേന്ദ്രങ്ങളിൽ വച്ച് ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## എം.എസ്ഡബ്ല്യൂ, എം.എ.എച്ച്.ആർ.എം. - അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള തിരുവനന്തപുരം ശ്രീകാര്യം ലയോള കോളേജ് ഓഫ് സോഷ്യൽ സയൻസസ്, തിരുവനന്തപുരം കാട്ടാക്കട വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസസ്, കൊല്ലം കൊട്ടിയം ഡോൺ ബോസ്കോ കോളേജ്, കൊല്ലം കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജ ആർട്സ് ആന്റ് സയൻസ് കോളേജ് എന്നീ നാല് കോളേജുകളിലേക്ക് 2021 - 22 അദ്ധ്യയന വർഷത്തേക്കുള്ള എം.എസ്.ഡബ്ല്യൂ, എം.എസ്. ഡബ്ല്യൂ (ഡി.എം.), എം.എ.എച്ച്.ആർ.എം. എന്നീ കോഴ്സുകളിലേക്ക് അഡ്മിഷനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. വിദ്യാർത്ഥികൾ അഡ്മിഷൻ ലഭിക്കാൻ ആഗ്രഹിക്കുന്ന കോളേജുകളിലേക്ക് പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല 2021 ഒക്ടോബർ 6, ഒക്ടോബർ 20 എന്നീ തീയതികളിൽ ആരംഭിക്കുന്ന രണ്ട്, നാല് സെമസ്റ്റർ (പഞ്ചവത്സരം) (2011-12 അഡ്മിഷന് മുൻപുള്ളത്) (ഫൈനൽ മേഴ്സിചാൻസ്/സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴകൂടാതെ സെപ്റ്റംബർ 20 വരെയും 150 രൂപ പിഴയോടെ സെപ്റ്റംബർ 24 വരെയും 400 രൂപ പിഴയോടെ സെപ്റ്റംബർ 28 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരളസർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.കോം. ഫെബ്രുവരി 2021 പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യുവേഷൻ സെക്ഷനിൽ (ഇ.ജെ.VII) സെപ്റ്റംബർ 14 മുതൽ 16 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## സെനറ്റ് യോഗം - റദ്ദ് ചെയ്തു

കേരളസർവകലാശാല 2021 സെപ്റ്റംബർ 14 ന് നടത്താനിരുന്ന സെനറ്റ് യോഗം ബഹു. വൈസ് ചാൻസലറുടെ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തിരിക്കുന്നു.

# അറബിക് റിസർച്ച് ജേർണലിലേക്ക് പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ അറബി വിഭാഗം പുറത്തിറക്കുന്ന അറബിക് റിസർച്ച് ജേർണലിലേക്ക് (മജല്ല കൈരള) പ്രബന്ധങ്ങൾ ക്ഷണിക്കുന്നു. അറബി സാഹിത്യം, ഭാഷ, കല, സംസ്കാരം, ആഗോളതലത്തിലുള്ള ഭാഷാസാഹിത്യ പ്രവർത്തനങ്ങൾ, ഭാഷാപഠനത്തിലെ നൂതന ട്രെൻഡുകൾ എന്നീ വിഷയങ്ങളെ അധികരിച്ച് അറബിയിലും ഇംഗ്ലീഷിലും പ്രബന്ധങ്ങൾ തയ്യാറാക്കി majallakairala@gmail.com എന്ന ഇ-മെയിലിലേക്ക് അയയ്ക്കാവുന്നതാണ്. പ്രബന്ധങ്ങൾ ലഭിക്കേണ്ട അവസാന തീയതി നവംബർ 15. പ്രബന്ധങ്ങൾക്കു വേണ്ട നിബന്ധനകൾ www.arabicku.in/en/majalla-kairala എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം,
13.09.2021.

പബ്ലിക് റിലേഷൻസ് ഓഫീസർ

**E-mail:** For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**